ശേഷം പേജ് 4

## ലോകബാങ്കിന്റെ 'കൈകഴുകൽ പദ്ധതി'

# വയറിളക്കത്തിന്റെ മറവിൽ സോപ്പ് കച്ചവടം

സുനിൽ.സി.എൻ.

മലയാളിയുടെ വയറിളക്കം മാറ്റാൻ ലോകബാങ്കും കുത്തകസോപ്പു കമ്പനികളും കൈകോർക്കുന്നു. സോപ്പ് ഉപയോഗിച്ച് കൈകഴുകാത്തതിനാലാണത്രെ കേരളത്തിൽ വയറിളക്കരോഗം പടരുന്നത്. ഇതു പരിഹരിക്കാനാണ് 'കൈകഴുകൽ പദ്ധതി'യുമായി ലോകബാങ്ക് രംഗത്തെത്തിയിരിക്കുന്നത്.

എന്നാൽ വയറിളക്കത്തിന്റെ മറവിൽ സംഘടിപ്പിക്കുന്ന ഈ പദ്ധതിക്കെതിരെ പ്രതിഷേധം വ്യാപകമായിക്കഴിഞ്ഞു. തങ്ങളുടെ നഷ്ടപ്പെടുന്ന വിപണി തിരിച്ചുപിടിക്കാൻ കുത്തക സോപ്പുകമ്പനികൾ നടത്തുന്ന ഹീനതന്ത്രമാണ് ഇതെന്ന തിരിച്ചറിവാണ് പദ്ധതിക്കെതിരെ വിമർശനമുയർത്തുന്നത്.നിരവധി ഡോക്ടർമാരും വിദഗ്ധരും പദ്ധതിക്കെതിരെ രംഗത്തെത്തിയിട്ടുണ്ട്.

സമാനചിന്താഗതിക്കാരുടെ സഹകരണത്തോടെ പദ്ധതിക്കെതിരെ ബഹുജനശ്രദ്ധ തിരിച്ചുവിടാൻ ചെറുകിട സോപ്പുനിർമ്മാതാക്കളുടെ സംഘടനയായ കേരള സ്മോൾ സ്കെയിൽ സോപ്പ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ തീരുമാനമെടുത്തിട്ടുണ്ട്. യോജിച്ച് പ്രവർത്തിക്കാവുന്ന സംഘടനകളുടെയും വ്യക്തികളുടെയും സംസ്ഥാനതലയോഗം നവംബർ 9ന് കോഴിക്കോട് ചേരുന്നുണ്ട്.

കേരളത്തിൽ വയറിളക്കരോഗങ്ങൾ വർദ്ധിക്കുന്നുവെന്നും അതിനു പരിഹാരമായി കൂടുതൽ തവണ സോപ്പുപയോഗിച്ച് കൈകഴുകിയാൽ മതിയെന്നും നിർദ്ദേശിക്കുന്നതാണ് 'വാഷിംഗ് ഹാൻഡ്സ് പദ്ധതി'. സംസ്ഥാനസർക്കാരിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 48 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. 12കോടിരൂപ കേന്ദ്രസർക്കാരും 12 കോടി രൂപ സംസ്ഥാന സർക്കാരും ചെലവിടണം. ബാക്കി തുകയിൽ 12 കോടിരൂപ ലോകബാങ്ക് ഉൾപ്പെടെയുള്ള 5 ഏജൻസികളും 12 കോടി രൂപ സോപ്പ് കമ്പനികളുമാണ് ചെലവിടുന്നത്. യൂനിലിവർ, പ്രോക്ടർ & ഗാംബിൾ, ജോൺസൺ&ജോൺസൺ, ഗോദ്റേജ് എന്നിവയാണ് പദ്ധതിയിൽ പങ്കാളികളാകുന്ന സോപ്പ് കമ്പനികൾ. ചെറുകിട സോപ്പുനിർമ്മാണമേഖലയുടെ പങ്കാളിത്തവുമുണ്ടെന്ന് പ്രോജക്ട് റിപ്പോർട്ടിൽ അവകാശപ്പെടുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച തിരുവനന്തപുരത്തു ചേർന്ന യോഗങ്ങൾ തങ്ങൾ അറിഞ്ഞിട്ടില്ലെന്ന് കേരള സ്മോൾ സ്കെയിൽ സോപ്പ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ ജന.സെക്രട്ടറി മനോജ് ആറുകണ്ടത്തിൽ പറയുന്നു.

പ്രോജക്ട് പ്രകാരം സോപ്പുകമ്പനികൾ ചെലവിടുന്ന 12 കോടി രൂപയിൽ 7 കോടി രൂപ ശമ്പള ഇനത്തിലും 5 കോടി പ്രചാരണത്തിനുമാണ്. നിലവിൽ കമ്പനികൾ തങ്ങളുടെ സോപ്പുവിപണനത്തിനിടയിൽ ചെലവിടുന്നതു തന്നെയാണ് ഇത് എന്നതാണ് രസകരം. സർക്കാരിന്റെ കീഴിലുള്ള കേരള റൂറൽ വാട്ടർ സാനിറ്റേഷൻ ഏജൻസിക്കാണ് നടത്തിപ്പിന്റെ ചുമതല.

ഏതൊക്കെ സമയത്താണ് മലയാളി കൈകഴുകേണ്ടതെന്ന് റിപ്പോർട്ടിൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്. ഭക്ഷണത്തിനു മുമ്പും ശേഷവും, കക്കൂസിൽ പോയതിനു ശേഷം, കുഞ്ഞുങ്ങൾ കക്കൂസിൽ പോയതിനുശേഷം മുതിർന്നവരും എന്നിങ്ങനെ നീളുന്ന പട്ടികയിൽ തൊഴുത്ത് വൃത്തിയാക്കിയശേഷം, പുറംജോലിക്കുശേഷം തുടങ്ങിയവയുമുണ്ട്.

എന്നാൽ കേരളത്തിൽ വയറിളക്കരോഗമുണ്ടെന്ന് സമ്മതിക്കുകയാണെങ്കിൽ കൂടി സോപ്പിട്ട് കൈകഴുകലല്ല അതിനുള്ള പരിഹാരമെന്ന് വിദഗ്ധർ പറയുന്നു. വേണ്ടത്ര കക്കൂസുകൾ നിർമ്മിക്കുകയാണെങ്കിൽ ഇന്ത്യയടക്കമുള്ള മൂന്നാംലോക രാജ്യങ്ങളിലെ പരിസ്ഥിതി മലിനീകരണവും ജലമലിനീകരണവും ഒരു പരിധിവരെ ഒഴിവാക്കാനാകുമെന്നാണ് സൂചിപ്പിക്കപ്പെടുന്നത്. "2500 രൂപക്ക് ഒരു കക്കൂസ് നിർമ്മിക്കാം. ഈ പദ്ധതിയിൽ സർക്കാർ ചെലവിടുന്ന 12 കോടിരൂപക്ക് 48000 കക്കൂസ് നിർമ്മിക്കാം. കേന്ദ്ര സർക്കാരിന്റെ 12 കോടി കൂടിയാകുമ്പോൾ 96000 കക്കൂസായി. പൊതുകിണറാണെങ്കിൽ 25000 രൂപ ചെലവിട്ടാൽ മതി."- ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ ചെയർമാൻ കൂടിയായ ഡോ. സി.ആർ.സോമൻ ചൂണ്ടിക്കാണിക്കുന്നു.

ആരോഗ്യരംഗത്തിന്റെ സഹായത്തോടെ തങ്ങളുടെ ഉല്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുക എന്നതു തന്നെയാണ് സോപ്പുകമ്പനികളുടെ ലക്ഷ്യമെന്ന് പദ്ധതിയിൽ നിന്നും വ്യക്തമാണ്. പ്രോജക്ട് റിപ്പോർട്ടിൽ കമ്പനികൾ ഇതു തുറന്നു സമ്മതിക്കുന്നുമുണ്ട്. കേരളത്തിൽ വ്യാപകമാകുന്ന പ്രാദേശിക സ്വയം സോപ്പുനിർമ്മാണവും ചെറുകിട സോപ്പുനിർമ്മാണവും കുത്തകകമ്പനികൾക്ക് ഭീഷണിയായി മാറിയതു തന്നെയാണ് അതിനു പ്രചോദനം. ആഗോളവൽക്കരണത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ മുഖമുദ്രയായി കേരളത്തിൽ സോപ്പുനിർമ്മാണം മാറിയത് കമ്പനികൾക്ക് വൻതിരിച്ചടിയായിരുന്നു. ഒരു ജില്ലയിൽ മാത്രമോ ജില്ലയുടെ ഏതെങ്കിലും ഭാഗത്തുമാത്രമായോ വിപണി കണ്ടെത്തുന്ന ചെറുകിട സോപ്പു നിർമ്മാണവും കുത്തകകളെ ചെറുക്കുന്നു.ദിവസവും രണ്ടു നേരം സോപ്പുതേച്ച് കുളിക്കുന്ന (ദു)ശീലമുള്ള മലയാളിയെയാണ് ലോകബാങ്ക് ശുചിത്വം പഠിപ്പിക്കുന്നത് എന്നതാണ് കൗതുകകരം.